Draft #1 of File 32227/CONTENT.MGMT SO/2019/VC SECTION Approved by ASSISTANT REGISTRAR V (ADMINISTRATION) on 02-Sep-2019 12:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൻറെ പ്രവർത്തനം വിലയിരുത്തുന്നതിന് 24/08/2019 ന് ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൻറെ തീരുമാനങ്ങൾ-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Content Management

നമ്പർ. 4195/CM/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 02.09.2019

---

പരാമർശം:-24/08/2019, 3.30 pm ന് വൈസ് ചാൻസലറുടെ കാര്യാലയത്തിൽ കൂടിയ യോഗത്തിൻറെ മിനുട്സ്.

**<u>ഉത്തരവ്</u>**

സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മേൽ പരാമർശ പ്രകാരം വിളിച്ചുചേർത്ത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊള്ളുകയുണ്ടായി.

1. സർവ്വകലാശാലയുടെ വെബ്സൈറ്റ് അവലോകന സമിതി യോഗം എല്ലാ മാസവും കൂടി വെബ് സൈറ്റിൻറെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്.
2. സർവ്വകലാശാലയുടെ പഠനവകുപ്പുകളുടെ വെബ്സൈറ്റുകൾ ദൈനംദിനം പുതുക്കുവാൻ വേണ്ട സത്വര നടപടികൾ അതാത് പഠനവകുപ്പ് തലവൻമാർ സ്വീകരിക്കേണ്ടതാണ്.
3. പഠനവകുപ്പുകളുടെ വെബ്സൈറ്റ് പുതുക്കുന്നതിന് വേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുവാൻ എല്ലാ വകുപ്പു തലവൻമാരുടെയും ഒരു യോഗം അടിയന്തിരമായി വിളിച്ച് ചേർക്കേണ്ടതാണ്.
4. പഠനവകുപ്പുകളിൽ നടക്കുന്ന പരിപാടികളുടെയും, സൗകര്യങ്ങളുടെയും, ലാബ്, ലൈബ്രറി ഉപകരണങ്ങളുടെയും ഫോട്ടോകൾ സെക്ഷൻ തന്നെ സമാഹരിച്ച് വെബ്സൈറ്റിൽ പ്രദർശിപ്പിക്കേണ്ടതാണ്.
5. പഠനവകുപ്പുകളിൽ നടത്തപ്പെടുന്ന എല്ലാ പരിപാടികളും കണ്ടൻറ് മാനേജ്മെൻറ് സെക്ഷനിൽ മുൻകൂട്ടി അറിയിക്കുകയും, വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനായി പരിപാടികളുടെ നോട്ടീസ്, ബ്രോഷർ, ഫോട്ടോകൾ എന്നിവ കണ്ടൻറ് മാനേജ്മെൻറ് സെക്ഷനിലേക്ക് ഇ-മെയിൽ മുഖേന നൽകേണ്ടതുമാണ്. ഇതിനായി ഒരു പരിപത്രം ഉടൻതന്നെ പുറപ്പെടുവിക്കേണ്ടതാണ്.
6. പഠനവകുപ്പുകളുടെ വെബ്സൈറ്റ് നിർമ്മിച്ചതുപോലെ എല്ലാ അക്കാദമിക് സെൻററുകൾക്കും രണ്ടാംഘട്ടമായി വെബ്സൈറ്റ് നിർമ്മിച്ചുനൽകേണ്ട ആവശ്യമുണ്ടോ എന്ന് വകുപ്പ് തലവൻമാരുടെയും, സെൻറർ ഡയറക്ടർ/കോർഡിനേറ്റർമാരുടെയും യോഗത്തിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു.
7. സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് രണ്ട് മാസത്തിലൊരിക്കലെങ്കിലും പുന:ക്രമീകരിക്കുവാൻ വെബ്-ഡിസൈനിംഗിൽ പ്രാഗൽഭ്യമുള്ള ഒരു കമ്പ്യൂട്ടർ പ്രോഗ്രാമറെ നിയോഗിക്കണമെന്ന് നേരത്തെ തീരുമാനിക്കുകയുണ്ടായി. ടിയാളെ എത്രയും വേഗം നിയമിക്കുവാൻ വേണ്ടി ഐ.ടി കോർ ഡിനേറ്ററുമായി സംസാരിക്കുവാൻ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.
8. പരീക്ഷാ വിഭാഗത്തിന് മാത്രമായി ഒരു വെബ്സൈറ്റ് എത്രയും വേഗം നിർമ്മിച്ച് ഹോസ്റ്റ് ചെയ്യുവാൻ വേണ്ട കാര്യങ്ങൾ നിർവ്വഹിക്കുവാൻ പരീക്ഷാ കൺട്രോളറുടെ ഓഫീസിനെ ചുമതലപ്പെടുത്തി.
9. സർവ്വകലാശാലയുടെ മലയാളത്തിലുള്ള വെബ്സൈറ്റ് ഔദ്യോഗിക വെബ്സൈറ്റിൻറെ ഹോം-പേജിൽ തന്നെ ലിങ്ക് പ്രദർശിപ്പിക്കുവാൻ നിർദേശിച്ചു. ടി വെബ്സൈറ്റിൽ കണ്ടൻറ്കൾ അപ്ഡേറ്റ് ചെയ്യുവാൻ സി.എം. സെക്ഷനിലെ ടൈപ്പിംഗ് ജോലി ഏല്പിച്ചിരിക്കുന്ന പെൻഷൻ സെക്ഷനിലെ കമ്പ്യൂട്ടർ അസിസ്റ്റന്റിനെ ചുമതലപെടുത്തുവാൻ തീരുമാനിച്ചു.
10. ഹിന്ദി ഭാഷയിൽ നിർമിച്ചുകൊണ്ടിരിക്കുന്ന സർവ്വകലാശാലയുടെ വെബ്സൈറ്റ് പരിശോധിക്കുന്നതിന് ഉചിതമായ ആളെ നിർദേശിക്കുവാൻ സെക്ഷനെ ചുമതലപ്പെടുത്തി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ തീരുമാനങ്ങൾ ബഹു.വൈസ് ചാൻസലർ അംഗീകരിച്ചു, തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പോൾ വർഗീസ്

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

വിസി/പിവിസി എന്നിവരുടെ പി എസ് മാർ.
രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
എല്ലാ പഠന വകുപ്പ് തലവന്മാർക്കും
പി.ആർ.ഒ./ഐ.ക്യൂ.എ.സി./സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്.
ഐ.ടി. ഏകോപനാധികാരി/സിസ്റ്റം അഡ്മിനിസ്ട്രേറ്റർ.
വെബ്സൈറ്റ് അവലോകന സമിതി അംഗങ്ങൾ.
റെക്കോർഡ്സ്/കരുതൽ ഫയൽ.

Draft #1 of File 32227/CONTENT.MGMT SO/2019/VC SECTION Approved by ASSISTANT REGISTRAR V (ADMINISTRATION) on 02-Sep-2019 12:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം